സാങ്കേതികമായി, നിയമപരമായ ചില തടസ്സങ്ങൾ ഉള്ളതു മാത്രമാണ് ഇനി റിപ്പോർട്ടു ചെയ്യാനുള്ളത്. മറിച്ച് എവിടെയെങ്കിലും എന്തെങ്കിലും ഉണ്ടെന്നു ചൂണ്ടിക്കാണിച്ചാൽ ഗവൺമെന്റ് പ്രത്യേകം നടപടി എടുക്കുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; അതുപോലെ കരാർ നിയമനങ്ങൾ പൂർണ്ണമായും അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: കരാർ നിയമനങ്ങൾ പൂർണ്ണമായും അവസാനിപ്പിക്കാൻ സാദ്ധ്യമല്ല. സ്ഥിരസ്വഭാവമില്ലാത്ത പോസ്റ്റുകളാണെങ്കിൽ കരാർ നിയമനങ്ങൾ വേണ്ടി വരും. എസ്.എസ്.എൽ.സി. പരീക്ഷയുടെ വാല്യൂവേഷന്റെ സമയത്തും മാർക്ക് എന്റർ ചെയ്യുന്ന സമയത്തും അധികം ആളുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടി വരും. ഒരു മാസത്തേയ്ക്കോ ഒന്നര മാസത്തേയ്ക്കോ വേണ്ടിയാണത്. പക്ഷേ പി.എസ്.സി. ലിസ്റ്റുള്ള സമയത്ത് സ്ഥിരസ്വഭാവമുള്ള സീറ്റുകളിൽ ഒരിക്കലും കരാർ നിയമനങ്ങൾ അനുവദിക്കുകയില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. അതിനു വിരുദ്ധമായി എന്തെങ്കിലുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്ക് അതു ചൂണ്ടിക്കാണിക്കാം.

(2) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ് തുറന്നു പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഡി. സുഗതൻ: സർ, എന്റെ നിയോജക മണ്ഡലമായ അമ്പലപ്പുഴയിലുള്ള സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ് ഒരു പൊതുമേഖലാ സ്ഥാപനമാണ്. 1976-ൽ ശ്രീ. ടി. വി. തോമസ് വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനമാണിത്. ബിരുദധാരികളായ എഞ്ചിനീയർമാർക്ക് ജോലി കൊടുക്കാൻ വേണ്ടി എഞ്ചിനീയേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ഉണ്ടാക്കിയാണ് ആ സ്ഥാപനം അന്നാരംഭിച്ചത്. സ്കൂട്ടർ നിർമ്മാണമാണ് ഉദ്ദേശിച്ചത്. അവിടെ അൻപതോളം ബിരുദധാരികളായ എഞ്ചിനീയർമാരുണ്ടായിരുന്നു. പക്ഷേ പല കാരണങ്ങളാൽ അതിന്റെ പ്രവർത്തനം നിലച്ചു പോകുന്ന ഒരു സാഹചര്യമുണ്ടായപ്പോൾ, ഡൈവർഷൻ നടപടി സ്വീകരിച്ചു. സ്കൂട്ടർ നിർമ്മാണം എന്നുള്ളതിനുപകരം മാറ്റി ആശുപത്രി ഉപകരണങ്ങൾ, പോലീസിനാവശ്യമുള്ള സാധനങ്ങൾ തുടങ്ങിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന നടപടിയിലേയ്ക്കു മാറുകയുണ്ടായി. ഇപ്പോൾ അതിനും സാമ്പത്തികം ഒരു തടസ്സമായി വന്നപ്പോൾ, ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത്, എഞ്ചിനീയർമാർക്ക് അവിടെ നിന്നും പിരിഞ്ഞു പോകാനുള്ള അവസരം കൊടുത്തു. അവർ വി.ആർ.എസ്. വാങ്ങി പിരിഞ്ഞു പോയി. ഇനി ഏഴു തൊഴിലാളികൾ മാത്രമേ ബാക്കിയുള്ളൂ. അതൊരു വലിയ സൊസൈറ്റിയാണ്. ഗവൺമെന്റ് പുന്നപ്രയിൽ കൊടുത്ത 14.49 ഏക്കർ സ്ഥലത്താണ് ആ സ്ഥാപനം നിൽക്കുന്നത്. ഏതാണ്ട് 7,017 സ്ക്വയർ

LIBRARY ARCHIVES Kerala Legislative Assembly

മീറ്റർ പ്ളിന്ത് ഏരിയയുള്ള കെട്ടിടങ്ങളും അന്നത്തെ നിലയിൽ വാങ്ങിയ മെഷീനറികളും അവിടെയുണ്ട്. ആ സ്ഥാപനത്തിന് ഇപ്പോൾ ധാരാളം ഓർഡറുകൾ കിട്ടാനുള്ള സാധ്യതകളുണ്ട്. കുറച്ച് ഓർഡറുകൾ പെന്റിംഗിലുമുണ്ട്. ടെൽക്കിൽ നിന്നും പ്ളാന്റേഷൻ കോർപ്പറേഷനിൽ നിന്നും ഐ.സി.ഡി.എസ്.-ൽ നിന്നും ഷിപ്പ്യാർഡിൽ നിന്നും നിരവധി പുതിയ ഉല്പന്നങ്ങളുണ്ടാക്കുവാൻ ലഭിച്ച ഓർഡറുകൾ പെൻഡിംഗിലാണ്. ഇന്നത്തെ സാഹചര്യത്തിൽ ആ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുക എന്നത് വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതു റിവൈവ് ചെയ്യുന്നതിനാവശ്യമായ ഒരു പ്രോജക്ട് റിപ്പോർട്ട് ആ സ്ഥാപനം ഗവൺമെന്റിന്റെ മുമ്പിൽ കൊടുത്തിട്ടുണ്ട്. കോടികൾ മുടക്കേണ്ട കാര്യമൊന്നുമില്ല. 70 ലക്ഷം രൂപ വർക്കിംഗ് ക്യാപ്പിറ്റലും കൊടുത്ത്, 47 പുതിയ ആളുകളേയും അവിടെ നിയമിച്ചാൽ ആ സ്ഥാപനം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും. അതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. ലാഭകരമായി കൊണ്ടു പോകാൻ കഴിയുന്ന ഒരു സ്ഥാപനമാണ്. അതിനാൽ അടിയന്തരമായി പുതിയ വ്യവസായ വകുപ്പുമന്ത്രി അക്കാര്യം പഠിച്ച് ആ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ആലപ്പുഴയിലെ പൊതുമേഖലാ സ്ഥാപനമായ സ്കൂട്ടേഴ്സ് കേരളാ ലിമിറ്റഡിന്റെ പ്രവർത്തനം സംബന്ധിച്ച് ഇ.ആർ.സി വിശദമായ പഠനം നടത്തിയശേഷം പുനരുദ്ധാരണം സംബന്ധിച്ച് സമർപ്പിച്ച ശിപാർശ സർക്കാർ അംഗീകരിക്കുകയുണ്ടായി. കമ്പനിയെ അവിടത്തെ തൊഴിലാളികളുടെ നിയന്ത്രണത്തിലുള്ള ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാക്കി മാറ്റാനുള്ള സാദ്ധ്യത പരിശോധിക്കുക ഇത് വിജയിച്ചില്ലെങ്കിൽ എല്ലാ തൊഴിലാളികളേയും സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പനിയുടെ പ്രവർത്തനം നിർത്തുക. ഇതാണ് സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതിയുടെ പ്രധാന നിർദ്ദേശങ്ങൾ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നതിന് താൽപ്പര്യമില്ലാത്തതിനാൽ ആകെയുള്ള 55 ജീവനക്കാരിൽ 48 പേരും സാമൂഹ്യ സുരക്ഷാ പദ്ധതിയനുസരിച്ച് പിരിഞ്ഞുപോയി. പി.എഫ്., വി.ആർ.എസ്., എക്സ്ഗ്രേഷ്യാ, ഗ്രാറ്റുവിറ്റി എന്നീ ഇനത്തിൽ കമ്പനി നൽകേണ്ടിയിരുന്ന 101.18 ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്. കമ്പനി ലാഭകരമായി പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ചെയർമാൻ ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പൊതുമേഖലയുടെ പുനരുദ്ധാരണം സംബന്ധിച്ച് ഇ.ആർ.സി-ക്ക് ബദലായി മറ്റൊരു സമീപനത്തിന് രൂപം കൊടുക്കുന്നതിനായി വ്യവസായ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി, ധനകാര്യവും എക്സൈസ്

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രി, കൃഷിയും കയറും വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി എന്നിവർ അംഗങ്ങളായി രൂപീകരിക്കപ്പെട്ട മന്ത്രിസഭാ ഉപസമിതി ഇത് പരിശോധിക്കുന്നതും പ്രായോഗികമാണെന്ന് കണ്ടാൽ കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>ശ്രീ. ഡി. സുഗതൻ</u> : സർക്കാരിന്റെ കർമ്മ പരിപാടിയിൽപ്പെടുത്തി ആ കമ്പനി തുറക്കുന്നതിനുവേണ്ടി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ മന്ത്രി മുൻകയ്യെടുക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ഗവൺമെന്റിന് ആലപ്പുഴയിലെ കേരള സ്കൂട്ടേഴ്സ് ലിമിറ്റഡ് തുറന്നു പ്രവർത്തിപ്പിക്കണമെന്നാണ് ആഗ്രഹം. അതിനുള്ള നടപടി സ്വീകരിക്കും.

IV സബ്മിഷൻ

<u>(1) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് വെഞ്ഞാറമൂട് ജംഗ്ഷനിലും പരിസരത്തും നടത്തിയിരുന്ന പണി പുനരാരംഭിക്കാൻ നടപടി.</u>

<u>ശ്രീ. പിരപ്പൻകോട് മുരളി</u> : സർ, എം.സി റോഡിൽ ഏറ്റവും തിരക്കേറിയ വെഞ്ഞാറമൂട് ജംഗ്ഷനിൽ കെ.എസ്.ടി.പി അനുസരിച്ചുള്ള റോഡ് വികസനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. വാമനപുരം മണ്ഡലത്തിൽപ്പെട്ട നെല്ലനാട് പഞ്ചായത്തിന്റെയും വാമനപുരം മണ്ഡലത്തിന്റെയും കേന്ദ്രമാണ് വെഞ്ഞാറമൂട്. ആറ്റിങ്ങൽ-നെടുമങ്ങാട് റോഡുകളും പുതിയ തൈക്കാട്-കഴക്കൂട്ടം ബൈപാസും കെ.എസ്.ആർ.ടി.സി. സബ്ഡിപ്പോയും വെഞ്ഞാറമൂട് ഹയർ സെക്കന്ററി സ്കൂളും ഉൾക്കൊണ്ടതാണ് ഈ ജംഗ്ഷൻ. വളരെ ജനസാന്ദ്രതയും വാഹനത്തിരക്കുമുള്ള ജംഗ്ഷന്റെ വികസനം അട്ടിമറിക്കപ്പെടുന്നു എന്നാണ് ജനപ്രതിനിധികളുടേയും ജനങ്ങളുടേയും പരാതി. ജംഗ്ഷനിലുള്ള പുറംപോക്ക് ഭൂമി മുഴുവൻ ഏറ്റെടുത്തും ആവശ്യമായ സ്ഥലം അക്വയർ ചെയ്തും ജംഗ്ഷൻ വികസിപ്പിക്കാനാവശ്യമായ ഒരു പ്ലാൻ തയ്യാറാക്കണം. വാഹനങ്ങൾക്കാവശ്യമായ പാർക്കിംഗ് സ്ഥലം, ട്രാഫിക് ഐലന്റ്, ടൗണിലെ മലിനജലം ഒഴുകിപ്പോകാനാവശ്യമായ ഓടകൾ തുടങ്ങിയവ ഉൾപ്പെടുത്തി വിശദമായ ഒരു പ്ലാൻ തയ്യാറാക്കണം. കെ.എസ്.ടി.പി അക്വയർ ചെയ്ത് പ്രതിഫലം കൊടുത്ത ഭൂമിയിൽത്തന്നെ പ്രതിഫലം കൈപ്പറ്റിയവർ പുതിയ കൺസ്ട്രക്ഷൻ നടത്തുന്നു എന്നാണ് നാട്ടുകാരുടെ പരാതി. അത് പരിശോധിക്കുകയും വേണം. നെല്ലനാട് പഞ്ചായത്തിലെ തൈക്കാട് മുതൽ വാമനപുരം വരെയുള്ള എം.സി. റോഡിന്റെ പുറംപോക്ക് സ്ഥലം എടുത്തിട്ടില്ലെന്ന് ആക്ഷേപമുണ്ട്. അത് പരിശോധിക്കണം. അതുസംബന്ധിച്ച് നാട്ടുകാർക്കും ആക്ഷൻ കൗൺസിലിനും, പഞ്ചായത്ത് കമ്മിറ്റിക്കും ആക്ഷേപങ്ങളുണ്ട്. അതുകൊണ്ട് ബന്ധപ്പെട്ട പ്രതിനിധികളെ വിളിച്ച് ആക്ഷേപങ്ങൾ പരിശോധിച്ച് പ്രവർത്തനം പുനരാരംഭിക്കാനുള്ള അടിയന്തിര നടപടി കൈകൊള്ളണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly